# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3320 — 25.06.2012-ൽ മറുപടിക്ക്.

## കണ്ണൂർ എയർപോർട്ട് - സഹകരണ സംഘത്തിന്റെ ബൈലോയും ഷെയർക്യാപ്പിറ്റലും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കണ്ണൂർ എയർപോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട സഹകരണസംഘത്തിന്റെ ബൈലോ സർക്കാരും എയർപോർട്ട് കമ്പനിയും അംഗീകരിച്ചിട്ടുള്ളതാണോ; | (എ) | കണ്ണൂർ എയർപോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് സഹകരണ നിയമപ്രകാരം ഒരു സഹകരണസംഘവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റി എന്ന പേരിൽ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്ര ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട്, 1955 ന്റെ കീഴിൽ 4 ഏപ്രിൽ 2012 തീയതിയിലെ ജി.ഒ (എം.എസ്) നം 20/2012/ട്രാൻ സർക്കാർ ഉത്തരവു പ്രകാരം ടി - 677/12 നമ്പറായി 10 ഏപ്രിൽ 2012 ൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ചട്ടങ്ങളും മേൽ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | സംഘത്തിന്റെ ആതറൈസ്ഡ് ഷെയർ ക്യാപ്പിറ്റൽ എത്ര കോടി രൂപയുടേതാണ്? | (ബി) | സൊസൈറ്റിക്ക് പ്രത്യേകിച്ച് ഓഹരിമൂലധനമില്ല. രൂപീകരിക്കപ്പെട്ട സൊസൈറ്റി ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3326 25-06-2012 -ൽ മറുപടിക്ക്.

## മദ്യവിരുദ്ധ പ്രചരണ പരിപാടികൾ

ചോദ്യം: ഉത്തരം

ശ്രീ. മുല്ലക്കര രത്നാകരൻ : ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

മദ്യത്തിന്റെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള പ്രചാരണ സംവിധാനങ്ങൾ എന്തൊക്കെയാണ്; ഇതിനായി എന്തു തുകയാണ് നടപ്പു സാമ്പത്തിക വർഷം വകയിരിത്തിയിട്ടുള്ളത്; ഇതിനകം എന്തുതുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ, സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വിപുലീകരിച്ച്, വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ച് അവരെ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, ലഹരി പദാർത്ഥങ്ങൾ, വിദ്യാലയങ്ങളിൽ നിന്നും അകറ്റി നിർത്തുക, മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ഉദ്ദേശങ്ങളോടെ, എക്സൈസ് വകുപ്പ് ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും എഫ്.എം. റേഡിയോ, ആകാശവാണി എന്നിവ വഴിയുള്ള പ്രചരണം എന്നിവ നടത്തുകയുണ്ടായി. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കി വരുന്നത്. മദ്യ/ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി, 2012-13 സാമ്പത്തിക വർഷത്തിൽ ഇതുവരെ 1.20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ഉപയോഗപ്പെടുത്തി വരുന്നതേയുള്ളൂ.

സെക്ഷൻ ആഫീസർ